# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *193

06.12.2018 ൽ മറുപടിക്ക്

## വ്യവസായ ഇടനാഴി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ ഇ.കെ.വിജയൻ**<br>**ശ്രീ വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ :** | | **ശ്രീ. ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ ഇടനാഴി സങ്കല്പത്തെക്കുറിച്ചും വ്യവസായ വികസനത്തിൽ ഇവയുടെ പങ്കിനെക്കുറിച്ചും വിശദമാക്കുമോ; | (എ) | വ്യവസായ ശാലകൾ തുടങ്ങാൻ അനുമതി വേഗത്തിലാക്കി നിക്ഷേപക സൗഹൃദ മേഖലയാക്കി സ്വകാര്യ പങ്കാളിത്തം വഴിയുള്ള നിക്ഷേപത്തെ കൂടുതൽ ആകർഷിച്ചുള്ള വ്യവസായ വികസനമാണ് വ്യവസായ ഇടനാഴി സങ്കല്പത്തിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | കേന്ദ്രസർക്കാരിന്റെ വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി ചെന്നൈ-കൊച്ചി ഇടനാഴി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനായി നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ; | (ബി) | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള **നാഷണൽ ഇൻഡസ്ട്രിയൽ കൊറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ്** (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ |

| | | | |
|---|---|---|---|
| | | | പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശ ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT ന് സർക്കാർ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇടനാഴിയുടെ ഭാഗമായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (സി) | വ്യവസായ ഇടനാഴി വരുന്നതുകൊണ്ട് വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ.<br>• വ്യവസായ ഇടനാഴിയുടെ ഭാഗമായി വിവിധ വ്യവസായ ക്ലസ്റ്ററുകൾ വരുന്നതിലൂടെ പുതിയ നിക്ഷേപമേഖലകൾ വികസിപ്പിക്കാൻ കഴിയുന്നതാണ്.<br>• റോഡ്, റെയിൽ, തുറമുഖം, വിമാനത്താവളം തുടങ്ങിയ വിവിധ ഗതാഗത മേഖലകളുമായി ബന്ധിപ്പിച്ച് ചരക്ക് ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.<br>• നിലവിലുള്ള തൊഴിൽ വിഭാഗങ്ങളുടെ തിരിച്ചുവരവിനൊപ്പം ജി.ഡി.പി.യിൽ നിർമ്മാണ മേഖലയുടെ മൊത്തത്തിലുള്ള ഓഹരി വർദ്ധിപ്പിക്കുന്നു.<br>• ഹൈടെക്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ട് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും വാർഷിക വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.<br>• നൂതന ഉത്പാദന രീതികളിലേക്ക് നയിക്കുക, ഉയർന്ന വരുമാനമുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളോടെ വികസിക്കുക, വ്യവസായ വൽക്കരണത്തെ അടുത്ത തലത്തിലേക്ക് മാറ്റുക എന്നതു പോലുള്ള |

| | | | |
|---|---|---|---|
| | | | പുതിയതും ചലനാത്മകവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.<br><br>വ്യവസായ ഇടനാഴിയുടെ പ്രവർത്തനം കൊച്ചി, പാലക്കാട് പ്രദേശങ്ങളിലെ വ്യവസായ മേഖലയിൽ വൻമാറ്റങ്ങൾ കൊണ്ടുവരും. തെക്കേ ഇൻഡ്യയുടെ പ്രധാന വ്യവസായ ഹബ്ബ് ആയി ഈ പ്രദേശത്തിന് മാറാൻ കഴിയും. വ്യവസായ ഇടനാഴി സ്ഥാപിച്ച കഴിഞ്ഞാൽ സംസ്ഥാനത്തെ മറ്റ പ്രദേശങ്ങളിലേക്കും വ്യാവസായിക പ്രവർത്തനങ്ങൾ വ്യാപിക്കും. കേരളത്തിനകത്ത് ഉയർന്ന എൻജിനീയറിംഗ് ജോലികൾ ഉൾപ്പെടെ വിവിധ ഉൽപ്പാദനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള യുവ സംരംഭകരെ ആകർഷിക്കുവാൻ സാധിക്കും. സംസ്ഥാനത്തിലെ സാമ്പത്തിക വളർച്ചയെ പ്രോൽസാഹിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതാണ് പ്രസ്തുത ഇടനാഴിയുടെ ഭാഗമായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ. |
| (ഡി) | വ്യവസായ ഇടനാഴിയുടെ നിയന്ത്രണം, നികുതി എന്നിവ സംബന്ധിച്ച കേന്ദ്രനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കേരള സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയ ശേഷം വ്യവസായ ഇടനാഴിയുടെ നിയന്ത്രണം, നികുതി എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ